<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5421** — **15-03-2023 - ൽ മറുപടിയ്ക്ക്**

## വിദ്യാർത്ഥികൾക്കുള്ള ഹാജർ ഇളവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാല പരീക്ഷകൾ എഴുതുന്നതിനും കോഴ്സുകൾ പൂർത്തീകരിക്കുന്നതിനും നിലവിൽ എത്ര ശതമാനം ഹാജർ വിദ്യാർത്ഥികൾ നിർബന്ധമായും നേടിയിരിക്കണമെന്നതിന്റെയും എത്ര ശതമാനം ഹാജർ കുറവിന് വരെ കണ്ടോണേഷൻ അനുവദിക്കാറുണ്ടെന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ അഫിലിയേറ്റിംഗ് സർവ്വകലാശാലകളിൽ, പരീക്ഷ എഴുതുന്നതിന് 75% ഹാജർ നിർബന്ധമാണ്. ഹാജർ കുറവിന് പത്ത് ശതമാനം വരെ സർവ്വകലാശാലകൾ കണ്ടോണേഷൻ അനുവദിക്കാറുണ്ട്. |
| (ബി) | 2021-22, 2022-23 അക്കാദമിക വർഷങ്ങളിൽ വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ ഒന്നു മുതൽ രണ്ടു ശതമാനം വരെ ഹാജർ കണ്ടോണേഷൻ അനുവദിക്കപ്പെട്ട വിദ്യാർത്ഥിനികളുടെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത അക്കാദമിക വർഷങ്ങളിൽ വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ ഒന്നു മുതൽ രണ്ടു ശതമാനം വരെ ഹാജർ കുറവ് നേരിട്ടതു മൂലം പരീക്ഷ എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥിനികളുടെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഈ വിവരം സർവ്വകലാശാല തലത്തിൽ ലഭ്യമല്ല. |
| (സി) | ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ ഹാജർ കുറവ് കണ്ടോണേഷന് പ്രത്യേക ഇളവ് അനുവദിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; വിദ്യാർത്ഥികൾക്ക് ഹാജർ നിലയ്ക്കനുസരിച്ച് ഇന്റേർണൽ മാർക്ക് അനുവദിക്കുന്നതിൽ നിലവിൽ വിവിധ സർവകലാശാലകൾ സ്വീകരിച്ച് വരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (സി) | ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ ഹാജർ കുറവ് കണ്ടോണേഷന് പ്രത്യേക ഇളവ് അനുവദി ച്ചിട്ടില്ല. വിദ്യാർത്ഥികളുടെ ഹാജർ ഇന്റേണൽ മാർക്ക് അനുവദിക്കുന്നതിൽ ഒരു ഘടകം മാത്രമാണ്. വിവിധ സർവ്വകലാശാലകൾ പരമാവധി 5 മാർക്ക് വരെ ഹാജറിന് നൽകുന്നുണ്ട്. കേരള സർവ്വകലാശാലയിൽ ഇതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു. |

| ഹാജർ | മാർക്ക |
|---|---|
| 90% വും അതിനു മുകളിലും | 5 |
| 85% ത്തിന് മുകളിൽ 90% ത്തിൽ താഴെ | 4 |
| 80% ത്തിന് മുകളിൽ 85% ത്തിൽ | 3 |

| | | | |
|---|---|---|---|
| | | | താഴെ<br>75% ത്തിന് മുകളിൽ 80% ത്തിൽ താഴെ \| 2<br>75% \| 1 |
| (ഡി) | 19.01.2023- ലെ സ.ഉ. (കൈയ്യെഴുത്ത്) നം.33/2023/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം വിദ്യാർത്ഥിനികൾക്ക് ഹാജർ ഇളവ് അനുവദിച്ച് നൽകിയതുപോലെ ഹാജർ നിലയ്ക്കനുസരിച്ച് നൽകുന്ന ഇന്റേർണൽ മാർക്കിന് വിദ്യാർത്ഥിനികൾക്ക് രണ്ട് ശതമാനം ഹാജർ നില കുറവ് വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ